(ബി) 31-4-1979-നുശേഷം പെൻഷൻ പററിയ ആളുകൾക്ക് പെൻഷൻ നൽകുന്ന അതേ നിരക്കിൽ അതിനു മുൻപ് പെൻഷൻ പററിയ ആളുകൾക്കും പെൻഷൻ നൽകുന്നതിന് എന്തു തുക അധികമായി വേണ്ടി വരും;

(സി) കാലം കഴിയുന്തോറും ക്രമേണ കുറഞ്ഞു വരുന്ന ചെലവ് എന്നതു പരിഗണിച്ചു മുകളിൽപ്പറഞ്ഞ രണ്ടാവശ്യങ്ങൾ അനുവദിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തിൽ എത്ര ആളുകൾക്കാണ് ഇപ്പോൾ മിനിമം പെൻഷൻ നൽകി വരുന്നത്;

(ഇ) വർദ്ധിച്ചു വരുന്ന ജീവിതച്ചെലവ് പരിഗണിച്ചു മിനിമം പെൻഷൻ വർദ്ധിപ്പിക്കാൻ ദയവുണ്ടാകുമോ;

(എഫ്) 1-10-1977-നു മുൻപ് പെൻഷൻ പററിയ ആളുകളുടെ ഗ്രാറുവിററിയിൽനിന്നും കുടുംബ പെൻഷൻ നൽകുന്നതിനുവേണ്ടി വസൂലാക്കിയ തുക അവർക്ക് തിരിച്ചു നൽകുമോ;

(ജി) പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്നവർക്ക് കമ്മ്യൂട്ടേഷന്റെ കാലാവധി കഴിഞ്ഞാൽ മുഴുവൻ പെൻഷൻ തുകയും അനുവദിച്ചു കൊടുക്കുന്ന നയം ഇൻഡ്യയിലെ മറേതെങ്കിലും സംസ്ഥാനം സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ആ പദ്ധതി 1970-നു മുൻപ് കുറഞ്ഞ പെൻഷൻ വാങ്ങിച്ച ആളുകൾക്കെങ്കിലും നടപ്പാക്കുമോ?

ഉത്തരം

(എ) കണക്കാക്കാൻ പ്രയാസമാണ്.

(ബി) കണക്കാക്കാൻ പ്രയാസ്മാണ്.

(സി) ഒന്നാമത്തെ ആവശ്യം പരിശോധിക്കുന്നുണ്ട്. രണ്ടാമത്തെ ആവശ്യം അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഇ) കാലാകാലങ്ങളിൽ ക്ഷാമബത്തയിൽ അനുവദിച്ചുകൊണ്ടിരിക്കുന്ന വർദ്ധനവു പ്രകാരം മിനിമം പെൻഷനും വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനുപരിയായി മിനിമം പെൻഷൻ വർദ്ധിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(എഫ്) ഉദ്ദേശിക്കുന്നില്ല.

(ജി) ഉണ്ട്.

(എച്ച്) പരിശോധിക്കുന്നുണ്ട്.

സി. കെ. മൂസദിനു് ഗ്രാറ്റുവിററി, പ്രോവിഡൻറ് ഫണ്ട് മുതലായവ ലഭിക്കാൻ നടപടി

918 [1690] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പ്രൊഫസർ സി. കെ. മൂസത്, തൈക്കാട്, തിരുവനന്തപുരം എന്ന് റിട്ടയർ ചെയ്തു;

(ബി) ശ്രീ. സി. കെ. മൂസത് അദ്ദേഹത്തിന്റെ സേവന കാലത്തെ ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും കിട്ടുന്നതിനു വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നുവോ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2-7-1977-ൽ 55 വയസ് തികഞ്ഞു. അതിനുശേഷം പ്രത്യേക അനുമതിയോടുകൂടി മൂന്നു കൊല്ലക്കാലം അതായത് 30-6-1980 വരെ തുടരാനനുവദിച്ചിരുന്നു. 30-6-1980-ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പിരിഞ്ഞു.

(ബി) സമർപ്പിച്ചിരുന്നു.

(സി) 55 വയസ് വരെയുള്ള ഇൻസ്റ്റിറ്റ്യൂട്ടിലെ അർഹമായ ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് തുകകൾ അനുവദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മൂന്നു വർഷത്തെ റീ എംപ്ലോയ്മെന്റ് കാലത്തെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും എങ്ങിനെ നിശ്ചയിക്കണമെന്നുള്ള കാര്യം പരിശോധിച്ചു വരുന്നു.

കൃഷിവകുപ്പിൽ ജൂനിയർ സയൻറിഫിക് അസിസ്റ്റൻറുമാരുടെ തസ്തികകൾ

919 [1691] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൃഷി വകുപ്പിൽ ജൂനിയർ സയൻറിഫിക് അസിസ്റ്റൻറുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഒഴിവുകൾ നികത്താൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ 21-5-1981-ന് പ്രാബല്യത്തിൽ വരത്തക്കവണ്ണം ഉദ്യോഗാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ, ആരെയെല്ലാം നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ; ഈ ലിസ്റ്റിൽ ഇനി നിയമനം ലഭിക്കുവാൻ എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ശ്രീ. വി. ആർ. പ്രഭാകരൻ എസ്./ഒ. പി. രാമൻ നായർ, കൽമണ്ഡപം, പാലക്കാട്, റാങ്ക് ലിസ്റ്റിൽ എത്രാമനാണ്;

(ഡി) ഒരു വികലാംഗനും, പിന്നോക്ക സമുദായക്കാരനും ആയ ശ്രീ. പ്രഭാകരന് മുൻഗണന കൊടുത്തു നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9 (ഒൻപത്)

LIBRARY ARCHIVES Kerala Legislative Assembly